**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജന കരട് വിജ്ഞാപനം മുപ്പതിനു പ്രസിദ്ധീകരിക്കും.**

വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജന കരട് വിജ്ഞാപനം മെയ് മാസം 30-ന് പ്രദ്ധീകരിക്കുമെന്ന് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അറിയിച്ചു. മെയ് 28-ന് ചേർന്ന കമ്മീഷൻ യോഗത്തിലാണ് പ്രസ്തുത തീരുമാനം കൈക്കൊ ത്. യോഗത്തിൽ കമ്മിഷൻ അംഗങ്ങളായ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ എന്നിവർ പങ്കെടുത്തു. കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനം ചെയർമാൻ നിർവ്വഹിച്ചു. delimitation.lsgkerala.gov.in എന്നതാണ് വെബ്സൈറ്റിന്റെ വിലാസം.

വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പൊതുജനങ്ങൾക്ക് ജൂൺ 15-ന് 5 മണിക്കകം കമ്മിഷൻ സെക്രട്ടറിക്കോ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്.

ഡീലിമിറ്റേഷൻ കമ്മിഷന്റെ ഔദ്യോഗിക വിലാസം: സെക്രട്ടറി, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ, 3-ാം നില, ചൈൽഡ് വെൽഫെയർ കോംപ്ലക്സ്, എൽ.എം.എസ്. കോമ്പൗ ്, പാളയം, തിരുവനന്തപുരം - 695 033, ഫോൺ നമ്പർ: 0471-2720450

ഇ-മെയിൽ: statedelimcom@gmail.com DLC 1/15

**സെക്രട്ടറി**